**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3595** | **22.08.2017 – ൽ മറുപടിക്ക്**

# റേഷൻ വ്യാപാരികളുടെ വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻവ്യാപാരികൾക്ക് കമ്മീഷൻ ആണോ അതോ വേതനമാണോ നൽകി വരുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (എ) | നിലവിൽ കമ്മീഷൻ തന്നെയാണ് നൽകി വരുന്നത്. ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം ആരംഭിക്കുന്ന മുറയ്ക്ക് റേഷൻ വ്യാപാരികൾക്കുള്ള പുതിയ പാക്കേജിനെ അടിസ്ഥാനപ്പെടുത്തിയുള്ള വേതന വ്യവസ്ഥ നടപ്പിലാക്കുന്നതാണ്. |
| (ബി) | ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം റേഷൻ കടകളിൽ സെയിൽസ്മാൻ വേണമെന്ന നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വേതനം നൽകിവരുന്നത് എങ്ങനെയാണ്; എത്ര രൂപയാണ് സെയിൽസ്മാന്റെ മാസവേതനമായി കണക്കാക്കിയിട്ടുള്ളത്; | (ബി) | ഇല്ല |
| (സി) | കടമുറിയുടെ വാടക, സെയിൽസ്മാന്റെ വേതനം എന്നിവ റേഷൻ വ്യാപാരി നൽകേണ്ടി വരുന്നത് കൊണ്ട് റേഷൻ വ്യാപാരികൾക്ക് ഇപ്പോൾ നൽകി വരുന്ന കമ്മീഷൻ/വേതനം കൊണ്ട് കട നടത്തിക്കൊണ്ടുപോകുവാൻ കഴിയുമോ എന്ന് വിലയിരുത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചാണ് പുതിയ പാക്കേജ് തത്വത്തിൽ അംഗീകരിച്ചിരിക്കുന്നത്. |

*സെക്ഷൻ ഓഫീസർ*